# വൺഡേസ്കൂൾ പഠിപ്പിക്കുന്നത്

ആരോഗ്യം അപകടാവസ്ഥയിലാണെന്ന് കേരളീയർ തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു. മാർഗ്ഗങ്ങൾ അനേകമുണ്ടെങ്കിലും ആരോഗ്യ പ്രശ്നങ്ങൾക്ക് ശരിയായ പരിഹാരം കാണാൻ കഴിയാതെ കേരള സമൂഹം കൂടുതൽ രോഗാതുരമായി മാറുകയാണ്. അലോപ്പതി ചികിത്സാ സമ്പ്രദായങ്ങൾ സാധാരണക്കാരന് സാമ്പത്തികമായി അപ്രാപ്യമായിക്കൊണ്ടിരിക്കുമ്പോൾ വൈദ്യം മറന്ന ആയുർവ്വേദം മരുന്നു കച്ചവടത്തിലേക്ക് വഴിമാറിയിരിക്കുന്നു. മാറ്റമുണ്ടാക്കുമെന്ന് കരുതിയ ബദൽ ആരോഗ്യമാർഗ്ഗങ്ങൾ പലതും പൊതു സമൂഹവുമായി സംവദിക്കാൻ കഴിയാതെ, കാറ്റും വെളിച്ചവും കടക്കാത്ത 'വിശ്വാസ ശാസ്ത്ര'ങ്ങളും വ്യക്തി നിഷ്ഠകളുമായി ഒതുങ്ങി പണം മുടക്കാൻ കഴിവുള്ള, വിധേയനായ അനുയായിയുടെ ആത്മസുഖത്തിനായി മാത്രം ആചരിക്കപ്പെടുന്ന ആത്മീയക്രിയകളും സാമൂഹ്യ ആരോഗ്യത്തെ പരിഗണിക്കുന്നതിൽ പരാജയപ്പെട്ടു.

ആരോഗ്യ വിദ്യഭ്യാസമെന്ന ലക്ഷ്യത്തെ അവഗണിച്ച ചികിത്സാ രീതികൾ പൊതു ജനങ്ങൾ അറിഞ്ഞിരിക്കേണ്ട ആരോഗ്യ അറിവുകളെ നിഗൂഢവത്ക്കരിച്ച് ചികിത്സയെ വരേണ്യവത്ക്കരിച്ചു. ഡോക്ടർമാരെ രോഗികളിൽ നിന്നും അകറ്റി. ആരോഗ്യത്തെക്കുറിച്ച് നടക്കേണ്ട സംഭാഷണങ്ങൾ രോഗത്തെ കുറിച്ച് മാത്രമായിത്തീർന്നു. ആശുപത്രികളില്ലാതെ ചികിത്സയില്ല എന്നായതോടെ ആരോഗ്യപരിപാലനം ആശുപത്രികളുടെ കടമയായി. വ്യക്തികളുടെ പങ്ക് അവഗണിക്കപ്പെട്ടു. സമൂഹം അഭിമുഖീകരിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം തിരയാനുള്ള മനസ്സ് പൊതു സമൂഹത്തിന് നഷ്ടമായി. പരിഹാരം തേടേണ്ട സംവിധാനങ്ങളും പല സ്ഥാപിത താത്പര്യങ്ങൾക്കും വഴങ്ങി ഉത്തരവാദിത്തങ്ങളിൽ നിന്നും ഉൾവലിഞ്ഞു.

ഇത്തരത്തിൽ കലുഷിതമായ ഒരു ആരോഗ്യമേഖലയിലേക്കാണ് വൺഡേസ്കൂൾ ഓൺ ഹെൽത്ത് എന്ന പുതിയ ആരോഗ്യ പ്രസ്ഥാനം രംഗപ്രവേശം ചെയ്യുന്നത്.

എന്താണ് വൺഡേസ്കൂൾ ഓൺ ഹെൽത്ത്? നിലവിലുള്ള ആരോഗ്യ സംവിധാനങ്ങൾക്ക് ബദൽ അവതരിപ്പിക്കുകയല്ല അതിന്റെ ദർശനപരമായ തകരാറുകളെ തുറന്നുകാട്ടി പൂർണ്ണ ആരോഗ്യത്തിലേക്കുള്ള പുതിയ അറിവുകൾ പൊതു സമൂഹത്തിൽ എത്തിക്കുകയാണ് വൺഡേ സ്കൂൾ.

ആരോഗ്യ വിദ്യാഭ്യാസം അടിസ്ഥാന പ്രവർത്തനമാക്കിയിരിക്കുന്ന വൺഡേസ്കൂൾ ആശുപത്രികളെ ആശ്രയിക്കാത്ത ജനസമൂഹത്തെ സൃഷ്ടിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് പരിചയപ്പെടുത്തുകയാണിവിടെ. ഒപ്പം വൺഡേ സ്കൂൾ പഠിപ്പിക്കുന്ന ആരോഗ്യ പരിപാലന മാർഗ്ഗങ്ങളെ അടുത്തറിഞ്ഞ് സാമൂഹികാരോഗ്യത്തിൽ പങ്കാളികളാകാനുള്ള അവസരമായും ഇത് മാറുന്നു.

ഏറെ പുതുമയും കടുത്ത വിയോജിപ്പും സംശയങ്ങളും ഉണ്ടാകാനിടയുള്ള ഈ വിഷയത്തിൽ ആരോഗ്യകരമായ അന്വേഷണത്തിന് സഹായകമായ സംവാദം വായനക്കാരിൽ നിന്നും ക്ഷണിക്കുന്നു